LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ്

134 (3418) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപ അനുവദിച്ച്, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ പണി കഴിച്ച ചാലക്കുടി നോർത്ത് ബസ് സ്റ്റാന്റ് ഇനിയും പ്രവർത്തനം ആരംഭിയ്ക്കാത്തതു മൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും നഗരത്തിന്റെ വികസനത്തിന് സഹായകരവുമായ പ്രസ്തുത ബസ് സ്റ്റാന്റ് ഉടനെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോർത്ത് ബസ് സ്റ്റാന്റ് ഉടനെ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ചാലക്കുടി .എം.എൽ.എ.യുടെ വികസന ഫണ്ടിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് നോർത്ത് ബസ് സ്റ്റാന്റ് യാർഡ് മെറ്റലിംഗ്, ബസ് ഷെൽട്ടർ, ഡ്രെയിൽ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാൻ വൈദ്യുതി കണക്ഷൻ, പുറമ്പോക്ക് തോട് സൈഡ് കെട്ടി കവറിംഗ് സ്ലാബ് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ കൂടി പൂർത്തീകരിച്ചാൽ ബസ് സ്റ്റാന്റിനാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ആകും. ടി പ്രവൃത്തികൾക്കായി 2014-15 വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തി നഗരസഭ നടപടി സ്വീകരിച്ചിട്ടുണ്ട്. 2.5 ഏക്കർ സ്ഥലം ആവശ്യമായ ബസ് സ്റ്റാന്റിന് നഗരസഭയുടെ ഉടമകളിൽനിന്നും ഉപാധി രഹിതമായി വിട്ടുകിട്ടുന്നതിനും 24 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് പ്രവൃത്തികൾ

135 (3419) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ ജിഡ ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?